സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി. 10935/09/ലാന്റ്

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
18/12/2021

## സർക്കുലർ

വിഷയം:- ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർ തങ്ങളുടെ ചാർജ്ജ് കൈമാറുമ്പോൾ ദേവസ്വം ഭൂമിയുടെ റിക്കാർഡുകൾ കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച്.

ദേവസ്വം ഭൂമികളുടെ സംരക്ഷണത്തിന് നേരിടുന്ന അതീവ ഗുരുതരമായ പ്രശ്നമാണ് ദേവസ്വം ഭൂമിയെ സംബന്ധിച്ച ആധികാരിക റിക്കാർഡുകളുടെ അഭാവം. റവന്യൂ ആധികാരിക രേഖകളായ ബി.റ്റി രജിസ്റ്റർ, സെറ്റിൽമെന്റ് രജിസ്റ്റർ, മുൻ സർവ്വെ-റീസർവ്വെ രേഖകൾ, സ്കെച്ചുകൾ, ദേവസ്വം ലാന്റ് രജിസ്റ്റർ എന്നീ ഭൂരേഖകൾ ദേവസ്വം ഭൂമിയുടെ സംരക്ഷണത്തിനായി കൃത്യമായി ശേഖരിക്കുകയും സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. ഓരോ ദേവസ്വങ്ങളിലേയും ഭൂമി സംബന്ധമായ വിവരങ്ങൾ അതിനായി ലഭ്യമാക്കിയിട്ടുള്ള രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

മിക്ക വില്ലേജുകളിലും റീസർവ്വെ നടപ്പിലാക്കി കഴിഞ്ഞതിനാൽ റീസർവ്വെ റിക്കാർഡുകളാണ് പ്രാബല്യത്തിൽ ഉള്ളത്. റീസർവ്വെ റിക്കാർഡുകൾ അന്തിമമാക്കുന്നതിന് മുമ്പ് ഭൂഉടമകളുടെ ആക്ഷേപം കേൾക്കാൻ സമയം അനുവദിക്കാറുണ്ട്. എന്നാൽ റീസർവ്വെ റിക്കാർഡുകൾ യഥാസമയം പരിശോധിച്ച് ആക്ഷേപം സമർപ്പിക്കാത്തതു മൂലം ദേവസ്വം ഭൂമി അന്യാധീനപ്പെടുന്ന സാഹചര്യങ്ങൾ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ആകയാൽ റീസർവ്വെ റിക്കാർഡുകൾ അന്തിമമാക്കാത്ത വില്ലേജുകളിൽ സബ്ഗ്രൂപ്പ് ആഫീസർമാർ യഥാസമയം ദേവസ്വം ഭൂമി സംബന്ധിച്ച പിശകുകൾ ബോധ്യപ്പെട്ട് ബന്ധപ്പെട്ട റവന്യൂ/സർവ്വെ അധികാരികളുടെ മുമ്പാകെ ആക്ഷേപം ബോധിപ്പിക്കാനും ശ്രദ്ധിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

ദേവസ്വം ഭൂമികളെ സംബന്ധിച്ച് ഏറ്റവും ആധികാരികമായത് ദേവസ്വം ആഫീസുകളിൽ സൂക്ഷിക്കേണ്ട ദേവസ്വം ലാന്റ് രജിസ്റ്ററാണ്. ഏതെങ്കിലും ദേവസ്വത്തിൽ ലാന്റ് രജിസ്റ്റർ ലഭ്യമല്ലായെങ്കിൽ സബ്ഗ്രൂപ്പ് ആഫീസർമാർ ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ നേതൃത്വത്തിൽ ആയത് ലഭ്യമാക്കി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

സബ്ഗ്രൂപ്പ് ആഫീസർമാർ ചാർജ്ജ് വിട്ടൊഴിയുമ്പോൾ ഇപ്രകാരം സൂക്ഷിച്ചിട്ടുള്ള ലാന്റ് രജിസ്റ്ററും, ദേവസ്വം ഭൂമി സംബന്ധമായ മറ്റ് റവന്യൂ രേഖകളും, ദേവസ്വം ഭൂമി സംബന്ധിച്ച് കോടതിയിൽ കേസുകൾ നിലവിലുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങളും, തുടർന്ന് വരുന്ന ആളിന് കൃത്യമായി രേഖാമൂലം കൈമാറേണ്ടതാണ്. കൂടാതെ ചാർജ്ജ് കൈമാറ്റ വേളയിൽ ദേവസ്വം റിക്കാർഡുകൾ കൃത്യമായി കൈമാറിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രം ലാസ്റ്റ് പേ സർട്ടിഫിക്കറ്റ് (LPC) നൽകുന്നതിന് ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ദേവസ്വം ബോർഡ് ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കുന്നതായിരിക്കും.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
2. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
3. ഇ.ഡി.പി സെക്ഷൻ
4. സെക്ഷൻ ഫയൽ

AR.18/12